<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1081**</u> <u>**06-02-2023 - ൽ മറുപടിയ്ക്ക്**</u>

<u>**മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അംഗൻവാടി നിർമ്മാണത്തിന്**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ ഗ്രാമ പഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം അംഗൻവാടി നിർമ്മാണത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ; | (എ) | 27.03.2021-ൽ മേൽ വിഷയത്തെ സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. 17.05.2022 ൽ ഒരു അംഗൻവാടിക്ക് കുറഞ്ഞത് എത്ര സ്ഥലം ആവശ്യമായി വരും എന്നതു സംബന്ധിച്ച വിവരം വനിത ശിശുക്ഷേമ വകുപ്പിൽനിന്നും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടി 01.02.2023-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പ്രസ്തുത ഫയലിന്മേൽ തീരുമാനമെടുക്കാതെ എത്ര നാൾ മാറ്റി വച്ചിരുന്നു എന്നറിയിക്കാമോ; | (ബി) | ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കാലതാമസം ഉണ്ടായിട്ടില്ല. സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വിഷയത്തിൽ വനിതാ ശിശുവികസന ഡയറക്ടർ മറുപടി നൽകിയിട്ട് എത്ര മാസമായി എന്നറിയിക്കാമോ; | (സി) | 20.08.2022-ൽ ചീഫ് എഞ്ചിനീയറുടെ കാര്യലയത്തിൽ വനിത ശിശു വികസന ഡയറക്ടറുടെ മറുപടി ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് എന്ന് വിശദമാക്കാമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എം.വി.ഐ.പി. വക സ്ഥലം മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ